# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന പെൺകുട്ടികൾക്ക് സ്വയംതൊഴിൽ കോഴ്സ്

1156 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന പെൺകുട്ടികൾക്ക് കെ.ജി.ടി.ഇ. അംഗീകാരമുള്ള ടെയ്ലറിംഗ്, എംബ്രോയ്ഡറി ആന്റ് നീഡിൽ വർക്ക് കോഴ്സ് (ടെൻ കോഴ്സ്) പഠിക്കുന്നതിന് വകുപ്പിൽ നിന്ന് എന്തെല്ലാം സഹായങ്ങളായിരുന്നു നൽകി വന്നിരുന്നത്; മിനിമം വിദ്യാഭ്യാസ യോഗ്യത എന്താണ്;എത്ര തുക സ്റ്റൈപ്പന്റ് നൽകിയിരുന്നു; വിശദമാക്കാമോ ;

(ബി) ഈ കോഴ്സ് നടത്തുന്ന സർക്കാർ അംഗീകൃത സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള പട്ടിക പ്രസിദ്ധീകരിക്കുമോ;

(സി) ഇതിനായി വകുപ്പ് അനുവദിച്ചുവരുന്ന തുക എത്രയാണ്; ഈ കോഴ്സിന്റെ കാലാവധി എത്ര വർഷമായിരുന്നു; ഇപ്പോൾ ഈ കോഴ്സ് നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; ഇതിനുപകരം കോഴ്സ് നടത്താൻ ഡിപ്പാർട്ട്മെന്റ് നിർദ്ദേശിച്ചിരുന്നെങ്കിൽ ഏത് കോഴ്സാണ് വ്യക്തമാക്കുമോ;

(ഡി) വളരെയേറെ തൊഴിൽ സാദ്ധ്യതയുള്ള ഫാഷൻ ഡിസൈനിംഗ് ആന്റ് ഗാർമെന്റ് ടെക്നോളജി കോഴ്സ് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ; എത്ര സ്ഥാപനങ്ങളിൽ പ്രസ്തുത കോഴ്സ് ആരംഭിച്ചിട്ടുണ്ട്; എത്ര കുട്ടികൾക്കാണ് അഡ്മിഷൻ ലഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ സ്ഥാപനങ്ങളുടെ പേര് തിരിച്ച് ലഭ്യമാക്കാമോ;

(ഇ) എന്നുമുതലാണ് പ്രസ്തുത കോഴ്സ് ആരംഭിച്ചത്; കുട്ടികൾക്ക് സ്റ്റൈപ്പന്റോ സ്ഥാപനത്തിന് ട്യൂഷൻ ഫീസോ നൽകിയിട്ടില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെ

ട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ്; ഇതു സംബന്ധിച്ച ഫയൽ നമ്പരും ഇപ്പോഴത്തെ സ്ഥിതിയും വ്യക്തമാക്കാമോ;

(എഫ്) അടിയന്തിരമായി കുട്ടികൾക്ക് സ്റ്റൈപ്പന്റും സ്ഥാപനങ്ങളുടെ ട്യൂഷൻ ഫീസും നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>പട്ടികജാതിക്കാരുടെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ നടപടി</u>

1157 ശ്രീ.സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ;

(ബി) പട്ടികജാതിക്കാർക്ക് സിവിൽ സർവ്വീസ് പരീക്ഷയ്ക്കായി എന്തെല്ലാം പരിശീലന പരിപാടികളാണ് ആരംഭിച്ചിട്ടുള്ളത് ;

(സി) കൃഷി, പ്രവാസിമേഖല, വ്യവസായം, തോട്ടംമേഖല എന്നിവയിൽ പട്ടികജാതിക്കാരുടെ പ്രാതിനിധ്യം കുറവായത് പരിഹരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>പട്ടികജാതി കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമിയും ഭവനവും</u>

1158 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരും ഭവനരഹിതരുമായ പട്ടികവിഭാഗ കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമിയും ഭവനവും നൽകുന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എത്ര വീടുകൾ നിർമ്മിച്ചു നൽകുമെന്ന് വെളിപ്പെടുത്തുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതി പ്രകാരം എത്ര വീടുകൾ അനുവദിച്ചു;

(ഡി) വീട് വെയ്ക്കുന്നതിനും ഭൂമി വാങ്ങുന്നതിനും ധനസഹായം വർധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) ഭവനരഹിതരായ എത്ര പട്ടികജാതി കുടുംബങ്ങൾ ഇപ്പോൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>ചാത്തന്നൂർ പട്ടികജാതി കോളനികളിലെ ശുദ്ധജല വിതരണം</u>

1159 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്ഷേമ വകുപ്പ് ഫണ്ട് ലഭ്യമാക്കി ജലവിഭവ വകുപ്പ് മുഖേന പട്ടികജാതി കോളനികളിൽ ശുദ്ധജല വിതരണം
നടത്തുന്നതിലേക്ക് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ഈ പദ്ധതി പ്രകാരം ചാത്തന്നൂർ നിയോജകമണ്ഡത്തിലെ ഏതൊക്കെ കോളനികളിലാണ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>പ്രീ- മെട്രിക് ഹോസ്റ്റൽ</u>

1160

## ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ ഒരു പ്രീ-മെട്രിക് ഹോസ്റ്റൽ തുടങ്ങുന്നതിന് തീരുമാനിച്ചെങ്കിലും ഇതുവരെ ഹോസ്റ്റൽ തുടങ്ങാനാവാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രീ-മെട്രിക് ഹോസ്റ്റലിനായി മംഗൽപാടി പഞ്ചായത്തിലെ കുബനൂർ വില്ലേജിൽ റീ.സ.39/02 ൽ ഏറ്റെടുത്ത ഒരേക്കർ സ്ഥലത്ത് കാലതാമസം കൂടാതെ ഹോസ്റ്റൽ കെട്ടിടം പണിയുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>പ്രീമെട്രിക് ഹോസ്റ്റൽ ലൈബ്രറി നവീകരണം</u>

1161 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രീമെട്രിക് ഹോസ്റ്റൽ ലൈബ്രറി നവീകരണ പദ്ധതിക്ക് മാത്രമായി ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിരുന്നു;

(ബി) എത്ര ഹോസ്റ്റലുകളിൽ ഈ വർഷം പദ്ധതി നടപ്പിലാക്കുന്നുണ്ട്;

(സി) സെപ്റ്റംബർ 3 ന് ചങ്ങനാശ്ശേരിയിൽ നടന്ന പ്രസ്തുത സംസ്ഥാനതല ഉദ്ഘാടന പരിപാടിക്ക് എന്തുതുക ചെലവഴിച്ചു;

(ഡി) ഇതിനായി പരസ്യം നൽകിയതു വഴി ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന് എന്തുതുക ചെലവായി വിശദമാക്കുമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>തിരുവില്വാമല എം. ആർ. എസ്</u>

1162 ശ്രീ.കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**

സദയം മറുപടി നൽകുമോ:

(എ) ചേലക്കരയിലെ തിരുവില്വാമല എം. ആർ. എസിന്റെ അടിസ്ഥാന സൗകര്യങ്ങൾക്കായി ഭരണാനുമതിയും ഫണ്ടും ലഭ്യമായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) കെട്ടിടനിർമ്മാണത്തിന് ഏത് സർക്കാർ ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ;

(ഡി) പ്രസ്തുത അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുന്നതിൽ കാലതാമസമുണ്ടാകുന്നതായി പരിശോധിച്ചിട്ടുണ്ടോ ;

(ഇ) പ്രസ്തുത നിർമ്മാണ നടപടികൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>പെരിങ്ങോട്ടുകുറിശ്ശി മോഡൽ റസിഡൻഷ്യൽ സ്കൂളിലെ നിയമനം</u>

1163 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരിങ്ങോട്ടുകുറിശ്ശി മോഡൽ റസിഡൻഷ്യൽ സ്കൂളിലെ ജീവനക്കാരെ താൽക്കാലികമായി നിയമിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുവിദ്യാഭ്യാസ ഡയറക്ടർ നിയമനം നടത്തുന്നതുവരെ പ്രസ്തുത ജീവനക്കാർക്ക് തുടരാൻ അനുമതി നൽകിയിട്ടുണ്ടോ;

(സി) ഇവർക്കുള്ള വേതനം എച്ച്. എസ്. എ./എം. സി. ആർ. ടി. ആയി നിയമിക്കപ്പെടുന്നവർക്ക് നൽകിവരുന്ന മാനദണ്ഡത്തിലാണോ നൽകാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>വടക്കാഞ്ചേരിയിലെ കമ്മ്യൂണിറ്റി കോളേജ്</u>

1164 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ വടക്കാഞ്ചേരിയിൽ കമ്മ്യൂണിറ്റി കോളേജ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഏത് സ്ഥാപനത്തിൻ കീഴിലാണ് പ്രസ്തുത കോളേജ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; ഏതുതരം കോഴ്സുകളാണ് ഈ കോളേജിൽ പഠിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കോളേജ് ഉടൻ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ കെട്ടിടം ലഭ്യമാണോ; ഏതെല്ലാം കോഴ്സുകളാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിന് സ്ഥിരം കെട്ടിടം നിർമ്മിക്കാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായോ; ഭൂമി ലഭ്യമാണോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

പ്രൊഫഷണൽ കോഴ്സുകൾക്കുള്ള സ്റ്റൈപ്പന്റ്

1165 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ കോഴ്സുകൾക്ക് മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ കിട്ടുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫീസ്, സ്റ്റൈപ്പന്റ് ലംസംഗ്രാന്റ് ഇവ ലഭ്യമാക്കുന്നുണ്ടോ ;

(ബി) സംസ്ഥാനത്ത് 2010-2011, 2011-2012 അദ്ധ്യയന വർഷങ്ങളിൽ മെഡിക്കൽ, എഞ്ചിനീയറിംഗ്, മറ്റ് പ്രൊഫഷണൽ കോഴ്സുകൾ എന്നിവയ്ക്ക് അഡ്മിഷൻ ലഭിച്ച പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾ എത്രയാണ് ; ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(സി) സ്കൂൾ, കോളേജ്, പ്രൊഫഷണൽ കോഴ്സുകൾ എന്നീ തലങ്ങളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപ്പന്റ് ലംസം ഗ്രാന്റ് എന്നിവ എത്രവീതമാണെന്ന് ഉത്തരവ് സഹിതം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

കാഞ്ഞങ്ങാട് പട്ടികജാതിക്കാരുടെ ചികിത്സാ സഹായം

1166 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ നിന്ന് പട്ടികജാതിക്കാരുടെ ചികിത്സാ സഹായത്തിനുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്ര അപേക്ഷകർക്ക് പ്രസ്തുത സഹായം അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(സി) അനുവദിച്ച ചികിത്സാ സഹായം അപേക്ഷകർക്ക് വിതരണം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>പട്ടികജാതി -പട്ടികവര്‍ഗ്ഗ വിദ്യാര്‍ത്ഥികള്‍ക്ക് സൈക്കിള്‍ നല്‍കുന്ന പദ്ധതി</u>

1167 ശ്രീ.വി. ശശി
,, കെ. അജിത്
,, വി.എസ്. സുനില്‍ കുമാര്‍
,, ചിറ്റയം ഗോപകുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികജാതി - പട്ടികവര്‍ഗ്ഗ വിദ്യാര്‍ത്ഥികള്‍ക്ക് സൈക്കിള്‍ വാങ്ങി നല്‍കാനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; എങ്കില്‍ എത്ര വിദ്യാര്‍ത്ഥികള്‍ക്ക് സൈക്കിള്‍ വാങ്ങി നല്കേണ്ടി വരുമെന്ന് വ്യക്തമാക്കുമോ ;

(ബി) സൈക്കിള്‍ വാങ്ങി നല്‍കുന്നതിനുപകരം അതിന്റെ വില രൂപയായി നല്‍കാന്‍ തീരുമാനിച്ചിട്ടുണ്ടോ ;എങ്കില്‍ എത്ര രൂപ ;

(സി) സൈക്കിള്‍ വാങ്ങുന്നതിനുള്ള ടെണ്ടര്‍ നടപടികള്‍ ആരംഭിച്ചതിനുശേഷം അത് വേണ്ടെന്ന് വയ്ക്കാനുണ്ടായ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>മൈലം - നായാടി വിഭാഗത്തിനുള്ള ആനുകൂല്യം</u>

1168 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ മൈലം ഗ്രാമപഞ്ചായത്തിലെ 'നായാടി' വിഭാഗത്തിൽപ്പെട്ടവർക്ക് നൽകിയിരുന്ന ജാതി സർട്ടിഫിക്കറ്റും ആനുകൂല്യവും തടഞ്ഞിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് പട്ടികജാതി ആനുകൂല്യം നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

വിജ്ഞാന്‍വാടി പദ്ധതി

1169 ശ്രീ. ആര്‍. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 'വിജ്ഞാന്‍ വാടി' പദ്ധതിയുടെ വിശദാംശങ്ങള്‍ വ്യക്തമാക്കാമോ;

(ബി) എല്ലാ പഞ്ചായത്തിലും പ്രസ്തുത പദ്ധതി നടപ്പിലാക്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>ചികിത്സാസഹായ നിധിയിൽ നിന്ന് മുൻകൂർ ധനസഹായം</u>

1170

ശ്രീ. വി. എസ്. സുനിൽകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പിന്നോക്കസമുദായക്ഷേമ വകുപ്പുമന്ത്രിയുടെ പേരിൽ രൂപീകരിച്ചിട്ടുള്ള ചികിത്സാസഹായ നിധിയിൽ നിന്ന് ഹൃദയ ശസ്ത്രക്രിയ, വൃക്ക ശസ്ത്രക്രിയ, ക്യാൻസർ ശസ്ത്രക്രിയ എന്നിവയുടെ ചികിത്സയ്ക്ക് മുൻകൂർ ധനസഹായമനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ചേർപ്പ് നിയോജക മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് അനുവദിച്ച ചികിത്സാ ധനസഹായത്തിന്റെയും ബന്ധപ്പെട്ട രോഗികളുടെയും വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>പിന്നോക്കക്ഷേമ വകുപ്പ് രൂപീകരണം</u>

1171

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക ക്ഷേമ വകുപ്പും ഡയറക്ടറേറ്റും രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; റിപ്പോർട്ട് എന്ന് ലഭ്യമാകും;

(സി) വകുപ്പും ഡയറക്ടറേറ്റും യാഥാർത്ഥ്യമാകുന്നതോടെ പിന്നോക്കക്കാരിൽ എത്ര വിഭാഗങ്ങൾക്ക് എന്തെല്ലാം ആനുകൂല്യം ലഭ്യമാകും; വിശദമാക്കുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>പിന്നോക്ക സമുദായ ക്ഷേമ ഡയറക്ടറേറ്റ്</u>

1172 ശ്രീ.എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായക്ഷേമ ഡയറക്ടറേറ്റ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ആയതിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) എല്ലാ ജില്ലകളിലും പ്രസ്തുത വകുപ്പിന്റെ ജില്ലാ ഓഫീസുകൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>വായ്പാ കുടിശ്ശിക എഴുതിത്തള്ളാന്‍ നടപടി</u>

1173

ശ്രീ. മുല്ലക്കര രത്നാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്വയംതൊഴില്‍ കണ്ടെത്തുന്നതിന്റെ ഭാഗമായി പിന്നോക്കക്ഷേമ കോര്‍പ്പറേഷനില്‍ നിന്ന് വായ്പയെടുത്ത് കുടിശ്ശിക വരുത്തിയിട്ടുള്ള ബി.പി.എല്‍. വിഭാഗത്തില്‍പ്പെട്ട യുവതീയുവാക്കളുടെ വായ്പകള്‍ എഴുതിത്തള്ളുന്ന കാര്യം പരിഗണിക്കുമോ;

(ബി) ഇത്തരത്തില്‍ സംസ്ഥാനത്ത് ആകെ കുടിശ്ശിക വരുത്തിയിട്ടുള്ളവരുടെ എണ്ണവും അവര്‍ അടച്ചുതീര്‍ക്കേണ്ട സംഖ്യയും എത്രയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>ടൂറിസം-അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ</u>

1174 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
'' ജെയിംസ് മാത്യു
'' സി.കെ. സദാശിവൻ
'' കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി -പിന്നോക്ക സമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ഈ വർഷം വിഭാവനം ചെയ്തിട്ടുള്ളത്; ഇതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക എത്ര; മുൻവർഷത്തേക്കാൾ എത്ര തുകയുടെ വർദ്ധനയാണുള്ളത്;

(ബി) ഏതെല്ലാം പദ്ധതികൾക്ക് ഇതിനകം ഭരണാനുമതി നൽകുകയുണ്ടായി; പുതുതായി ടൂറിസം റോഡുകൾ നിർമ്മിക്കുവാനുദ്ദേശ്യമുണ്ടോ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>ടൂറിസവികസനത്തിന് മാസ്റ്റർ പ്ലാൻ</u>

1175 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. കെ. സുരേഷ് കുറുപ്പ്
,, കെ. കുഞ്ഞിരാമൻ(ഉദുമ)
ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനത്തിനായി അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകളും സ്വകാര്യമേഖലകളും ചേർന്ന് മാസ്റ്റർപ്ലാൻ തയ്യാറാക്കാണമെന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യം പരിഗണിച്ചിട്ടുണ്ടോ ; ഏതെല്ലാം അടിസ്ഥാന സൗകാര്യ വികസന പദ്ധതികളിലാണ് മാസ്റ്റർപ്ലാൻ തയ്യാറാക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) ഇപ്പോൾ പരിഗണനയിലുള്ള മാസ്റ്റർ പ്ലാനുകൾ ഏതെല്ലാമാണ്?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>എറണാകുളം ടൂറിസം മേഖലയിലെ പ്രവൃത്തികൾ</u>

1176

ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനത്തിൽ പുതുതായി എന്തെല്ലാം പദ്ധതികളാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നത്;

(ബി) ടൂറിസം മേഖലയിൽ എറണാകുളം ജില്ലയിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) കോതമംഗലം ഭൂതത്താൻകെട്ടിലെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും പുതിയ പദ്ധതികൾ പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ;

(ഡി) നേര്യമംഗലത്ത് ടൂറിസം വികസനത്തിനായി കേന്ദ്ര സർക്കാരിൽ നിന്ന് എത്ര തുകയുടെ അനുമതി ലഭിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>തലശ്ശേരി പൈതൃകടൂറിസം പദ്ധതി</u>

1177 ശ്രീ.കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തലശ്ശേരി പൈതൃകടൂറിസം പദ്ധതിയില്‍ ഏതെല്ലാം പ്രവൃത്തികളാണ് വര്‍ക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനക്കായി തയ്യാറാക്കിയിട്ടുള്ളതെന്നും ക്ലിയറന്‍സ് ലഭിച്ചത് ഏതെല്ലാമാണെന്നും വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികള്‍ ഏതെല്ലാം വകുപ്പുകള്‍ വഴിയാണ് എക്സിക്യൂട്ട് ചെയ്യാന്‍ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(സി) സര്‍ക്കാര്‍ അധികാരമേറ്റശേഷം പ്രസ്തുത പദ്ധതിയുടെ ഏകോപനത്തിനായുള്ള കോര്‍ഡിനേഷന്‍ കമ്മിറ്റിയുടെ എത്ര യോഗങ്ങള്‍ നടന്നുവെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പദ്ധതി പൂര്‍ണ്ണമായി നടപ്പിലാക്കുന്നതിന് പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>തലശ്ശേരി പൈതൃക സർക്യൂട്ട് ടൂറിസം പദ്ധതി</u>

1178

## ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി പൈതൃക സർക്യൂട്ട് ടൂറിസം പദ്ധതിയുടെ ഒന്നാം ഘട്ടം പ്രവർത്തനത്തിന് നൽകിയ ഭരണാനുമതിക്കനുസൃതമായി ഓരോ പ്രവൃത്തിയും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) അവയിൽ ഓരോ പദ്ധതിയും എപ്പോൾ പൂർത്തീകരിക്കാൻ കഴിയും;

(സി) പ്രസ്തുത പദ്ധതിയുടെ അവശേഷിക്കുന്ന പ്രവൃത്തികളിൽ ഏതൊക്കെയാണ് ടൂറിസം അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

## വാണിയംപാറ ടൂറിസം പദ്ധതി

1179

ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ വാണിയംപാറയിൽ നടപ്പിലാക്കേണ്ട ടൂറിസം വികസനത്തെ സംബന്ധിച്ച് പ്രോജക്ടുകൾ നിലവിലുണ്ടോ;

(ബി) പ്രസ്തുത പ്രോജക്ടിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട്;

(സി) പദ്ധതിയുടെ നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>വിനോദസഞ്ചാര വികസന പദ്ധതികൾ</u>

1180 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ ചെറുതുരുത്തി, തിരുവില്വാമല എന്നീ കേന്ദ്രങ്ങളിൽ കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ വിനോദസഞ്ചാര വികസന പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിർമ്മാണ നടപടികൾ മന്ദഗതിയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(സി) ആയത് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

## കാസര്‍ഗോഡ് ജില്ലയിലെ വിനോദസഞ്ചാര പദ്ധതികള്‍

1181

ശ്രീ. പി. ബി. അബ്ദുള്‍ റസാക്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിനോദസഞ്ചാര വകുപ്പ് മഞ്ചേശ്വരത്ത് എന്തെങ്കിലും പദ്ധതികള്‍ നടപ്പാക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(ബി) കാസര്‍ഗോഡ് ജില്ലയില്‍ വിനോദസഞ്ചാര വകുപ്പ് പുതുതായി നടപ്പിലാക്കാന്‍ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ ടൂറിസം</u>

1182

ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ടൂറിസം മേഖലയിൽ ഏതെങ്കിലും പദ്ധതികൾ പരിഗണനയിൽ ഉണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) മഞ്ചേശ്വരം ടൂറിസം വികസനത്തിന് ഏറെ സാധ്യതയുള്ള സ്ഥലമായതിനാൽ പ്രസ്തുത സ്ഥലം ടൂറിസം ഡെസ്റ്റിനേഷനാക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>ആലപ്പുഴയിൽ കനാൽ ടൂറിസം</u>

1183

ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ കനാലുകൾ നവീകരിച്ച് ടൂറിസം പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് വിശദമായ ഒരു പ്രോജക്ട് തയ്യാറാക്കാനുള്ള നിർദ്ദേശം ടൂറിസം വകുപ്പിൽ ലഭ്യമായിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രോജക്ടിന് ശുപാർശ ചെയ്തുകൊണ്ട് അമ്പലപ്പുഴ എം.എൽ.എ. നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തു പ്രാഥമിക നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതി സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ഉന്നതതല യോഗം വിളിച്ചു ചേർക്കുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>ആലപ്പുഴയിലെ കായൽ ടൂറിസം വികസനം</u>

1184 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ കായൽ ടൂറിസം വികസനത്തിന് 400 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോയെന്നും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന ഏജൻസി ഏതാണെന്നും വ്യക്തമാക്കാമോ;

(ബി) കേന്ദ്രസർക്കാർ ഈ പദ്ധതിക്ക് പണം അനുവദിച്ചിരുന്നതെന്നാണ്;

(സി) പ്രസ്തുത പദ്ധതിക്ക് സംസ്ഥാന സർക്കാർ എന്നാണ് ഭരണാനുമതി നൽകിയത്;

(ഡി) ഈ വർഷത്തെ ബഡ്ജറ്റിൽ ടൂറിസം അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് മൊത്തം വകയിരുത്തിയ തുക എത്രയാണ്; വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>മംഗലം ഡാം ടൂറിസം പദ്ധതി</u>

1185 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ മംഗലം ഡാം ടൂറിസം പദ്ധതിയുടെ ഒന്നാം ഘട്ടം പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ;

(ബി) ആയതിന് എന്തെല്ലാം തടസ്സങ്ങളാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്;

(സി) പൂർത്തീകരിച്ച പ്രവൃത്തികൾക്ക് സംരക്ഷണം നൽകാത്തതിനാൽ അവ സാമൂഹ്യവിരുദ്ധരുടെ നശീകരണപ്രവർത്തനങ്ങൾക്കിടയാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇവ പരിഹരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

വെളിയം മുട്ടറ മരുതിമല ഇക്കോടൂറിസം പദ്ധതി

1186 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ വെളിയം മുട്ടറ മരുതിമല ഇക്കോടൂറിസം പദ്ധതിയുടെ അടങ്കൽ തുക എത്രയാണ്; പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ ചുമതല ആർക്കാണ് നല്കിയിട്ടുള്ളതെന്നും നിർമ്മാണത്തിന് കരാർ ഒപ്പുവച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>അനങ്ങൻമല ഇക്കോ ടൂറിസം പദ്ധതി</u>

1187

ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം വ്യവസായവുമായി ബന്ധപ്പെട്ട് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഷൊർണ്ണൂർ മണ്ഡലത്തിലെ തൃക്കടീരി പഞ്ചായത്തിലെ അനങ്ങൻമല ഇക്കോ ടൂറിസം പദ്ധതിയുടെ ഒന്നാംഘട്ടം ഇനിയും പൂർത്തീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) അനങ്ങൻമല ഇക്കോ ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ടം ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

തവനൂർ - പടിഞ്ഞാറെക്കര വിനോദസഞ്ചാര കേന്ദ്രം

1188

ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തവനൂർ പടിഞ്ഞാറെക്കര വിനോദസഞ്ചാര കേന്ദ്രം കാലവർഷക്കെടുതി മൂലം ഭാഗികമായി തകർന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് പുനരുദ്ധരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത കേന്ദ്രം എന്ന് പൂർവ്വസ്ഥിതിയിലാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>പടിഞ്ഞാറേക്കര ടൂറിസം പദ്ധതി 'ചിൽഡ്രൻസ് കോർണർ'</u>

1189 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം പടിഞ്ഞാറേക്കര ടൂറിസം പദ്ധതിയോട് അനുബന്ധിച്ച് കുട്ടികൾക്കായി വിനോദേപകരണങ്ങളോടുകൂടിയ 'ചിൽഡ്രൻസ് കോർണർ' സ്ഥാപിക്കാമോ;

(ബി) അതിനു നിയമം അനുവദിക്കുന്നില്ലായെങ്കിൽ സ്വകാര്യ വ്യക്തികളിൽ നിന്ന് സ്പോൺസർഷിപ്പിലൂടെ വിനോദോപകരണങ്ങൾ സ്ഥാപിക്കാൻ അനുമതി നൽകുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>ബേക്കൽ ടൂറിസം - എയർസ്ട്രിപ്പ് നിർമ്മാണം</u>

1190

ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് എയർസ്ട്രിപ്പ് നിർമ്മിക്കുന്നതിന് പ്രാഥമികാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതു സംബന്ധിച്ച് തുടർനടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>കോട്ടപ്പുറം നീലേശ്വരം ആയികി- ഇടയിലക്കാട് ടൂറിസം റോഡ്</u>

1191 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

ടൂറിസം പദ്ധതിയിൽപ്പെടുത്തി 7 കോടിയോളം രൂപ അനുവദിച്ച് ടെണ്ടർ കഴിഞ്ഞ കോട്ടപ്പുറം നീലേശ്വരം ആയികി- ഇടയിലക്കാട് ടൂറിസം റോഡ് പണി നാളിതുവരെ ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>കർലാട് തടാകം പുനരുദ്ധാരണം</u>

1192 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ഡി. ടി. പി. സി. യുടെ കീഴിലുള്ള കർലാട് തടാകത്തിന്റെ വികസന സാദ്ധ്യതകളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; പഠന റിപ്പോർട്ടു ലഭ്യമാക്കുമോ ;

(ബി) പ്രകൃതിദത്തമായ ഈ തടാകം അനുദിനം നശിച്ചു കൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കർലാട് തടാകവും സമീപത്തുള്ള പൈതൃകഗ്രാമങ്ങളും സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

തവനൂര്‍ പടിഞ്ഞാറേക്കര ടൂറിസം കേന്ദ്രം

1193 ഡോ. കെ. ടി. ജലീല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തവനൂര്‍ പടിഞ്ഞാറേക്കര ടൂറിസം കേന്ദ്രത്തിലെ ഇലക്ട്രിഫിക്കേഷന്‍ പ്രവൃത്തികള്‍ പൂര്‍ത്തീകരിച്ചിട്ടില്ലാത്ത കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ആര്‍ക്കാണ് കരാര്‍ നല്‍കിയിരിക്കുന്നതെന്നും എന്ന് പൂര്‍ത്തീകരിക്കാന്‍ സാധിക്കുമെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകൾ</u>

1194 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകൾ നിലവിലുണ്ട്; വ്യക്തമാക്കുമോ ;

(ബി) ഡി.എം.സി. കളുടെ പ്രവർത്തനം സംബന്ധിച്ച് എന്തെങ്കിലും മാർഗ്ഗ രേഖകൾ നിലവിലുണ്ടോ ; പകർപ്പ് ലഭ്യമാക്കാമോ ;

(സി) ഡി.എം.സി. കൾ പുന:സംഘടിപ്പിക്കുന്നുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

തേക്കടി ബോട്ടു ദുരന്തം -അന്വേഷണ റിപ്പോർട്ട്

1195 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തേക്കടി ബോട്ടുദുരന്തം സംബന്ധിച്ച അന്വേഷണ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ കോപ്പി മേശപ്പുറത്തു വെയ്ക്കാമോ ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ ഏതെല്ലാം ശുപാർശകളാണ് അംഗീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

ആഭ്യന്തര ടൂറിസം വികസനം

1196 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

ആഭ്യന്തര ടൂറിസം വികസിപ്പിക്കുന്നതിന്റെ ഭാഗമായി സ്കൂൾ-കോളേജ് കുട്ടികളുടെ ശ്രദ്ധയാകർഷിക്കും വിധം കേരളത്തിലെ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളുടെ വീഡിയോ ദൃശ്യങ്ങളും കളർഫോട്ടോ പ്രിന്റുകളും വിദ്യാഭ്യാസ വകുപ്പുമായി ചേർന്നു കൊണ്ട് സ്കൂൾ കോളേജ് തലത്തിൽ പ്രചരിപ്പിക്കുന്നതിനാവശ്യമായ സമഗ്രപദ്ധതിക്ക് രൂപം നൽകുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

ഡി.റ്റി.പി.സി.കളിലെ സേവന വേതന വ്യവസ്ഥകൾ

1197 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ ജില്ലകളിൽ പ്രവർത്തിച്ചു വരുന്ന ഡി.റ്റി.പി.സി. കളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കുള്ള സേവന വേതന വ്യവസ്ഥ കൾ വ്യക്തമാക്കാമോ ;

(ബി) മിനിമം വേതനം സർക്കാർ പുതുക്കി നിശ്ചയിച്ചിട്ടും 20 വർഷം പിന്നിട്ട പ്രസ്തുത ജീവനക്കാർക്ക് മിനിമം വേജസ് നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സർക്കാരിന് നേരിട്ട് ബാദ്ധ്യത വരാത്തതും അതത് ജില്ലകളിൽ തന്നെ തീരുമാനം കൈക്കൊള്ളാൻ കഴിയുന്നതുമായ പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കാൻ ട്രേഡ് യൂണിയൻ പ്രതിനിധികളെ ക്കൂടി ഉൾപ്പെടുത്തി കമ്മിറ്റിക്ക് രൂപം നൽകുമോ ;

(ഡി) സാമ്പത്തിക ഭദ്രത ഇല്ലാത്ത ഡി.റ്റി.പി.സി. കളിൽ കള ക്ടർമാർക്കും കുടുംബാംഗങ്ങൾക്കും സഞ്ചരിക്കാൻ ഡി.റ്റി.പി. സി. യുടെ വാഹനങ്ങൾ ഉപയോഗിക്കുന്നതും ഗാർഡൻ പണിക്കും വീട്ടുപണിക്കും ഡി.റ്റി.പി.സി. യിൽ നിന്ന് ചെലവ് ചെയ്യുന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>ഡി. ടി. പി. സി. കളിലെ നിയമനം</u>

1198 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ സെക്രട്ടറിമാരുടെ നിയമന വ്യവസ്ഥകൾ എന്തെല്ലാമാണ്; അത് സംബന്ധിച്ച ഏറ്റവും ഒടുവിലത്തെ ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഏതെല്ലാം ജില്ലകളിൽ സെക്രട്ടറിമാരെ പുതുതായി നിയമിച്ചിട്ടുണ്ട്;

(സി) നിയമനങ്ങളെല്ലാം നിലവിലുള്ള ഉത്തരവിന് വിധേയമായിട്ടാണോ നടത്തിയിട്ടുള്ളത്; അല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) ഡി. ടി. പി. സി. കളിൽ താത്ക്കാലികാടിസ്ഥാനത്തിലോ കോൺട്രാക്ട് വ്യവസ്ഥയിലോ സെക്രട്ടറിമാരെ നിയമിച്ചിട്ടുണ്ടോ; അത് നിയമാനുസൃതമാണോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

തവനൂർ കെ. റ്റി. ഡി. സി. ആരാമം മോട്ടൽ

1199 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം തവനൂർ പഞ്ചായത്തിലെ കെ. റ്റി. ഡി. സി. യുടെ ആരാമം മോട്ടലിനോടു ചേർന്ന് എത്ര സെന്റ് ഭൂമിയാണ് സർക്കാർ ഉടമസ്ഥതയിലുള്ളത് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര സെന്റിലാണ് പ്രസ്തുത മോട്ടൽ പ്രവർത്തിക്കുന്നത്;

(സി) മിനി പമ്പയുടെ സമീപത്തെ സ്ഥലം പ്രയോജനപ്പെടുത്തി അയ്യപ്പ ഭക്തൻമാർക്കായി കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കാമോ;

(ഡി) അതിനാവശ്യമായ പണം ശബരിമല പാക്കേജിൽ ഉൾപ്പെടുത്തി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?